ഓർഫനേജ് കൺട്രോൾ ബോർഡ്

251 (1676) ശ്രീ. പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓർഫനേജ് കൺട്രോൾ ബോർഡിന് സർക്കാർ ധനസഹായം ഉണ്ടോ ; വിശദമാക്കാമോ ;

(ബി) സർക്കാർ ധനസഹായമല്ലാതെ മറ്റേതെങ്കിലും സ്രോതസ്സിൽനിന്നും വരുമാനം ലഭിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം വഴികളിലൂടെ എത്ര തുക ലഭിക്കുന്നുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(സി) സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിൽ എത്ര ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ ;

(ഡി) ഇവർക്ക് ശമ്പള കടിശ്ശിക ഉണ്ടോ ; ഉണ്ടെങ്കിൽ ഏത് മാസം മുതൽ നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ ഗ്രാന്റായിട്ട് ധനസഹായം അനുവദിക്കുന്നു. ജീവനക്കാരുടെ ശമ്പളം, ഓർഫനേജ് കൺട്രോൾ ബോർഡ്, മെമ്പർമാരുടെ ഓണറേറിയം, സിറ്റിംഗ് ഫീ, യാത്രാ ബത്ത, ഓർഫനേജ് കൺട്രോൾ ബോർഡുവഴി നിയമിച്ചിട്ടുള്ള സൈക്കോസോഷ്യൽ കൗൺസിലർമാരുടെ ഹോണറേറിയം എന്നിവ നൽകുന്നതിനാണ് സർക്കാർ ഗ്രാന്റ് അനുവദിക്കുന്നത്.

(ബി) ഇല്ല.

(സി) ഓർഫനേജ് കൺട്രോൾ ബോർഡിൽ 7 ജീവനക്കാർ ഉണ്ട്.

1. മെമ്പർ സെക്രട്ടറി	-	1
2. പ്രൊബേഷൻ ഓഫീസർ	-	1
3. എൽ.ഡി. ക്ലാർക്ക്	-	2
4. ഡി.റ്റി.പി. ഓപ്പറേറ്റർ	-	1
5. ഓഫീസ് അസിസ്റ്റന്റ്	-	1
6. കാഷ്വൽ സ്വീപ്പർ	-	1
ആകെ	-	7

കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങളിൽ കൗൺസിലിംഗ് നടത്തുന്നതിന് 40 കൗൺസിലർ തസ്തിക അനുവദിച്ചിട്ടുണ്ട്. ഇതിൽ 25 പേർ ഇപ്പോൾ ജോലി നോക്കിവരുന്നു.

(ഡി) ഉണ്ട്. 2015 ഫെബ്രുവരി മാസത്തെ ശമ്പളം കടിശ്ശികയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly